# കേരള സർവ്വകലാശാല

നം.എഡി.എ8/112602/2020

## വിജ്ഞാപനം

കേരള സർവ്വകലാശാല ഓഫീസിലേയ്ക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ കാഷ്വൽ ലേബറർമാരുടെ പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനായി, എഴുത്തും വായനയും അറിയാവുന്ന, കായികക്ഷമതയുള്ളവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകൾ നിശ്ചിത തീയതിയ്ക്ക് മുൻപ് തന്നെ സർവ്വകലാശാല റിക്രൂട്ട്മെന്റ് പോർട്ടൽ **(https://recruit.keralauniversity.ac.in/)** വഴി ഓൺലൈനായി സമർപ്പിച്ചിരിക്കണം.

ഈ വിജ്ഞാപനത്തിന്റെ തീയതി മുതൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. ജനറൽ/ ഒ.ബി.സി വിഭാഗക്കാർക്ക് 100/- രൂപയും പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 40/- രൂപയുമാണ് അപേക്ഷ ഫീസ്. റിക്രൂട്ട്മെന്റ് പോർട്ടൽ വഴി അപേക്ഷ സമർപ്പിക്കുന്ന സമയത്ത് തന്നെ ഫീസ് ഓൺലൈനായി അടയ്ക്കുന്നതിന് സാധിക്കും.

### അപേക്ഷകർക്കുള്ള നിബന്ധനകൾ:

- **പ്രായപരിധി** 01.01.2020-ന്

  **കുറഞ്ഞ പ്രായപരിധി:**
  **30** വയസ്സ് പൂർത്തിയായിരിക്കണം.
  **ഉയർന്ന പ്രായപരിധി:**
  ജനറൽ- **45** വയസ്സ്,
  ഒ.ബി.സി- **48** വയസ്സ്,
  പട്ടികജാതി/പട്ടികവർഗ്ഗം- **50** വയസ്സ് കവിയാനും പാടില്ല.
- ഉയർന്ന പ്രായപരിധിയിലുള്ള ഒ.ബി.സി/പട്ടികജാതി/പട്ടികവർഗ്ഗം വിഭാഗത്തിലുള്ളവർ ജാതി തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- **വിദ്യാഭ്യസ യോഗ്യത**: വിജ്ഞാപന തീയതിയ്ക്കകം ഏഴാം തരം പാസ്സായിട്ടുള്ളവരും, പത്താം തരം പാസ്സായിട്ടില്ലാത്തവരുമായിരിക്കണം. SSLC-യോ മറ്റ് തത്തുല്യ പരീക്ഷകളോ പാസ്സായവരുടെ അപേക്ഷകൾ പരിഗണിക്കുന്നതല്ല. എട്ടാം തരത്തിന് താഴെ വിദ്യാഭ്യാസമുള്ളവരെ ക്ലീനർ/ സ്വീപ്പർ തസ്തികകളിലേയ്ക്ക് മാത്രം പരിഗണിക്കുന്നതാണ്.
- വയസ്സ്, വിദ്യാഭ്യാസ യോഗ്യത ഇവ തെളിയിക്കുന്നതിന് സ്ക്കൂൾ സർട്ടിഫിക്കറ്റാണ് പരിഗണിക്കുന്നത്.
- ഏഴാംതരം മുതൽ ഒൻപതാംതരം വരെ പാസ്സായിട്ടുള്ളവർ സ്ക്കൂൾ റിക്കോർഡ്സ് പ്രകാരമുള്ള സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം.
- പത്താംതരം/ തത്തുല്യ കോഴ്സ് പഠിച്ചവർ ടി സർട്ടിഫിക്കറ്റിന്റെ കവർ പേജ്, ഒന്നാം പേജ് എന്നിവയും, പരീക്ഷ പാസ്സായിട്ടില്ലായെന്ന് തെളിയിക്കുന്നതിനായി അവസാനം എഴുതിയ പരീക്ഷയുടെ മാർക്ക് ഷീറ്റും അപ്‌ലോഡ് ചെയ്യണം.
- ഒറിജിനൽ സർട്ടിഫിക്കറ്റ് പരിശോധിക്കുന്ന വേളയിൽ വിജ്ഞാപന തീയതിയ്ക്ക് മുൻപായി പത്താംതരം/ തത്തുല്യ കോഴ്സ് പാസ്സായിട്ടുള്ളതായി കാണുന്നപക്ഷം ടി അപേക്ഷകൾ അയോഗ്യമാക്കപ്പെടുന്നതാണ്.

- മേൽ വിലാസം തെളിയിക്കുന്നതിന് ആധാർ കാർഡ്/ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് അപ്‌ലോഡ് ചെയ്യണം.
- എ.പി.ൽ/ബി.പി.ൽ കാറ്റഗറിയുടെ തെളിവിലേയ്ക്കായി റേഷൻ കാർഡ് ( നമ്പർ, പേര് വിവരങ്ങൾ അടങ്ങുന്ന പേജുകൾ) അപ്‌ലോഡ് ചെയ്യണം.
- സ്ക്കൂൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പേരും ജനനതീയതിയും അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന മറ്റ് ഔദ്യോഗിക രേഖകളിൽ (ആധാർ കാർഡ്/ ഇലക്ഷൻ ഐഡന്റിറ്റി കാർഡ് / റേഷൻ കാർഡ്) വിഭിന്നമാകരുത് എന്ന് ശ്രദ്ധിക്കേണ്ടതാണ്.
- റിക്രൂട്ട്മെന്റ് പോർട്ടലിൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കിയതിനുശേഷം അപേക്ഷ ഓൺലൈനായി സമർപ്പിക്കുക.
- ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിലേയ്ക്ക് അയയ്ക്കേണ്ടതില്ല.
- ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് പിന്നീടുള്ള ആവശ്യത്തിനായി എടുത്ത് സൂക്ഷിക്കേണ്ടതാണ്.
- ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത് നിശ്ചിത വലിപ്പത്തിലുള്ള പകർപ്പ് തയ്യാറാക്കി വച്ചതിനുശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.
- ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ 0471-2386272 എന്ന ഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ 10.05AM - 5.15PM വരെയുള്ള സമയങ്ങളിലോ, ada8@keralauniversity.ac.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**അപേക്ഷകൾ 14.01.2021-ാം തീയതി വൈകുന്നേരം 5 മണിക്ക് മുൻപായി ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.**

തീയതി:22.12.2020

**രജിസ്ട്രാർ**